# 52. എയ്ഡ്സിന് ഒരു കള്ളമരുന്ന്

'എയ്ഡ്സ്' എന്ന ലൈംഗികരോഗത്തെപ്പററി ഈ പംക്തികളിൽ പല തവണ ഞാൻ എഴുതിയിട്ടുണ്ട്. അമേരിക്കയിലും യൂറോപ്പിലും ആഫ്രിക്കയിലുമുള്ള മിക്ക രാജ്യങ്ങളിലും ഇപ്പോൾ മനുഷ്യർ ഏററവും കൂടുതൽ ഭയപ്പെടുന്ന പകർച്ച്വ്യാധി എയ്ഡ്സ് ആകുന്നു. എച്ച്. ഐ. വി (H. I. V.) എന്ന പേരിൽ അറിയപ്പെടുന്ന എയ്ഡ്സ് രോഗാണുവിനെ ശരീരത്തിനകത്തുവെച്ച് നശിപ്പിക്കാൻ കെല്പുള്ള ഒരു ഔഷധവും ഇന്നോളം അറിയപ്പെട്ടിട്ടില്ല. ഇപ്പോൾ അധികം ഡോക്ടർമാരും എയ്ഡ്സ് രോഗികൾക്ക് നൽകിവരുന്നത് 'അസ്റ്റ്' (AZT) എന്ന മരുന്നാണ്. രോഗാണുക്കൾ പെരുകുന്നത് തടയുന്നതിനാൽ ഈ ഔഷധം രോഗികളുടെ ആയുസ്സ് നീട്ടുവാൻ ഉപകരിക്കുന്നു. എന്നാൽ, ശരീരത്തിൽ എച്ച്. ഐ. വി. അണു കടന്നുകൂടിയ ഒരാൾക്ക് എയ്ഡ്സ് രോഗത്തിന്റെ അസുഖങ്ങൾ ഉണ്ടാകാതെ നോക്കുന്നതിന് 'അസ്ത്' പര്യാപ്തമല്ലെന്നാണ് ഇതുവരെയുള്ള അനുഭവം.

തന്റെ രോഗത്തിനു ചികിത്സയില്ലെന്ന സത്യം സമ്മതിക്കുവാൻ ഏതു രോഗിയാണ് തയ്യാററാവുക? മരണം നിശ്ചിതമെന്നു വരുമ്പോൾ രോഗി ഏതു കള്ളവൈദ്യനിലും വിശ്വാസമർപ്പിക്കും; ഏതു കള്ളമരുന്നും വാങ്ങിക്കഴിക്കും. അശരണരായ രോഗികളെ ചൂഷണംചെയ്തു പണമുണ്ടാക്കാൻ മടിക്കാത്തവർ എവിടെയുമുണ്ട്. 'ഡെൽററ ടി' (Delta te) എന്നു പേരുള്ള ഒരു കള്ളമരുന്ന് ബ്രിട്ടനിലെ എയ്ഡ്സ് രോഗികൾക്ക് വിററ് കുറെ ഏറെ പണം നേടിയ ഐവെസ് ജെറാർഡ് ഡിലാററ് (Yves Gerard Delatte) എന്ന കള്ളവൈദ്യനെപ്പററി ഒരു ലേഖനം ബ്രിട്ടനിലെ 'ന്യൂ സ്റ്റേററ്സ്മാൻ' എന്ന പ്രസിദ്ധ വാരികയുടെ 1989 ജൂൺ 16-ലെ ലക്കത്തിൽ പ്രസിദ്ധീകരിച്ചിരുന്നു. ഈ ലേഖനത്തിൽ പറയുന്ന വിവരങ്ങൾ വായനക്കാർ അറിഞ്ഞിരിക്കുന്നതു നന്ന്. കാരണം, കള്ളവൈദ്യന്മാരിലും കള്ളമരുന്നുകളിലും വിശ്വസിച്ചു കളിപ്പു പററാതിരിക്കാൻ ഈ വിവരങ്ങൾ അവരെ സഹായിച്ചേക്കും.

'അവർ മലം തിന്നോട്ടെ' (ലെററ് ദെം ഈററ് ഷിററ്) എന്നാണ് ന്യൂ സ്റ്റേററ്സ്മാൻ വാരികയിലെ ലേഖനത്തിന്റെ ശീർഷകം. 'ഡെൽററ ടി', 'ഇകോഫ്ളോറിൻ', 'സിംബിയോൺ' എന്നീ പേരുകളിൽ എയ്ഡ്സ് രോഗികൾക്ക് ഡിലാററ് വിററിരുന്ന 'ഔഷധ'ത്തിന്റെ ഒരു സാമ്പിൾ ലണ്ടനിലെ സെയ്ൻറ് സ്റ്റീഫൻസ് ഹോസ്പിററലിൽ അപഗ്രഥിച്ചു നോക്കിയപ്പോൾ, അതിൽ തൊണ്ണൂറുമുതൽ തൊണ്ണൂററഞ്ചുവരെ ശതമാനം ധാന്യനൂറും (സ്റ്റാർച്ച്), പത്തുമുതൽ അഞ്ചുവരെ ശതമാനം പാൽപ്പൊടിയും പിന്നെ കുറെ മനുഷ്യമലത്തിൽനിന്നെടുത്ത 'സ്ട്രെപ്റേറാകോക്കസ് ഫേക്കാലിസ്' എന്ന പേരിൽ അറിയപ്പെടുന്നതും മററുമായ അണുജീവികളും (ബാക്ടീരിയങ്ങൾ) ആണ് ഉള്ളതെന്നു കണ്ടു. മലസ്സത്ത് മുഖ്യഘടകമായ ഈ ഔഷധം സ്ഥിരമായി ഉപയോഗിക്കുന്ന എയ്ഡ്സ് രോഗികളുടെ രോഗപ്രതിരോധവ്യൂഹം ആരോഗ്യം നേടുകയും, അങ്ങനെ അവർ ആ മാരകരോഗത്തിൽനിന്ന് ശാശ്വതമോചനം നേടുകയുംചെയ്യുമെന്ന ഡിലാററിന്റെ കള്ളപ്രചാരവേല വിശ്വസിക്കാൻ ബ്രിട്ടനിൽ ഒട്ടേറെ രോഗികൾക്ക് ഒരു പ്രയാസവും ഉണ്ടായില്ല.

ഡിലാററ് ഒരു ഫ്രഞ്ചുകാരനാണ്. വലിയ വിദ്യാഭ്യാസമൊന്നുമില്ലാത്ത അയാൾ പത്തു വർഷത്തോളം ഒരു കാലിത്തീററക്കച്ചവടക്കാരനായിരുന്നു. കാലിത്തീററ വിൽക്കാൻ ഫിൻലാൻഡിൽ പോയ അയാൾ, ഫിൻലാൻഡിന്റെ തലസ്ഥാനമായ ഹെൽസിങ്കിയിലെ സർക്കാർ മൃഗവൈദ്യസ്ഥാപനത്തിൽ കാലിത്തീററയിലെ ലാക്ടിക് ആസിഡ് ബാക്ടീരിയങ്ങളുടെ രോഗപ്രതി

രോധശക്തിയെപ്പററി നടത്തിയിരുന്ന ചില പരീക്ഷണങ്ങളെക്കുറിച്ച് ഏതാനും വസ്തുതകൾ മനസ്സിലാക്കി. പിന്നീട് അയാൾ സ്കോട്ലൻഡിലെ ഡൺഡി യൂനിവേഴ്സിററിയിലെ ബയോടെക്നോളജി വകുപ്പുകാരെക്കൊണ്ട് മനുഷ്യമലത്തിലെ അണുജീവികളെ വളർത്തി വാങ്ങി. ഈ അണുജീവികൾ കാലിത്തീററയിൽ കലർത്താനാണെന്നാണ് അയാൾ യൂനിവേഴ്സിററിയിലെ ശാസ്ത്രജ്ഞരോടു പറഞ്ഞത്. ജീവനുള്ള ഈ ബാക്ടീരിയങ്ങളെ നിറച്ച സഞ്ചികളുമായി ഡിലാററ് ഒരു വർഷംമുമ്പ് ബ്രിട്ടനിലെ ബ്രൈററൺനഗരത്തിലുള്ള മോണിക്ക ബ്രയൻറ് എന്ന സ്ത്രീയെ സമീപിച്ചു. 'സിംബയോജെനസീസ് ലിമിററഡ്' എന്ന ഒരു കള്ളക്കമ്പനിയുടെ ഉടമയായിരുന്ന ഈ സ്ത്രീ 'പ്രോബിയോൺ' എന്ന ഒരു സ്വീഡിഷ് കള്ളമരുന്ന് വരുത്തി എയ്ഡ്സ് രോഗികൾക്ക വിററിരുന്നു. പ്രോബിയോൺപോലൊരു മരുന്ന് താൻ ഉണ്ടാക്കാമെന്നും അതു കൂടുതൽ ലാഭത്തിൽ തങ്ങൾ രണ്ടുപേരും ചേർന്നു വിൽക്കാമെന്നും ഡിലാററ് പറഞ്ഞത് ബ്രയൻറ് സമ്മതിച്ചു. ബ്രയൻറിൻെറ അടുക്കളയിൽവച്ച് ധാന്യനൂറും പാൽപ്പൊടിയും ഫ്രിഡ്ജിൽവെച്ച മരവിപ്പിച്ച ബാക്ടീരിയങ്ങളും ചേർത്ത് അവർ നിർമിച്ച വെളുത്ത പൊടിയാണ് 'ഡെൽററ ടി' എന്നും 'സിംബിയോൺ' എന്നും മററും പിന്നീട് അറിയപ്പെട്ടത്. കിലോഗ്രാമിനു് ഇരുപതുപവനോളം നിർമ്മാണച്ചെലവു വരുന്ന ഈ കള്ളമരുന്ന് കിലോഗ്രാമിനു് 160 മുതൽ 500വരെ പവൻ വിലയ്ക്ക് അവർ വിററു. താനൊരു എയ്ഡ്സ്രോഗി ആയിരുന്നു എന്നും കുറെ മാസങ്ങളോളം ഈ മരുന്നു കഴിച്ചപ്പോഴേക്ക് തൻെറ രോഗം തീരെ മാറിയെന്നും രോഗികളെ പറഞ്ഞു വിശ്വസിപ്പിക്കാൻ ഡിലാററിനു കഴിഞ്ഞു. ബ്രിട്ടനിലെ മുപ്പത്തേഴ് എയ്ഡ്സ്രോഗികൾ മററു മരുന്നുകൾ ഉപേക്ഷിച്ച് ഡിലാററിൻെറ മലമരുന്നു കഴിച്ചുതുടങ്ങി. അവർക്കപുറമേ, പേശികൾക്ക വേദനയും നട്ടെല്ലിലും തലച്ചോറിലും നീർവീക്കവും വരുത്തുന്ന 'മയാൽജിക്ക് എൻസെഫെലോ മയേലിററിസ്' എന്ന രോഗം ബാധിച്ച നൂറോളം ആളുകളും ഡിലാററിൻെറ മരുന്നു വാങ്ങി ഉപയോഗിച്ചു. പെട്ടെന്ന് തങ്ങളുടെ രോഗത്തിന് ആശ്വാസം അനുഭവപ്പെട്ടതായി അവരിൽ ചിലർ പറയുന്നുണ്ട്. വലിയ വില നൽകി 'ദിവ്യൗഷധങ്ങൾ' വാങ്ങി ഉപയോഗിക്കുന്നവർക്ക് രോഗം മാറണമെന്ന ആശയും, മാറുമെന്ന വിശ്വാസവും കൂടുതലായിരിക്കും. തൽക്കാലത്തേക്ക് ആശ്വാസം കൈവന്നുവെന്ന തോന്നൽ അവർക്കുണ്ടാക്കാൻ ഈ ആശയും വിശ്വാസവും ധാരാളം മതിയാവും. എന്നാൽ, ഡിലാററിൻെറ മലപ്പൊടി വാങ്ങിക്കഴിച്ച ആർക്കും യാതൊരു പ്രയോജനവും ഉണ്ടായിട്ടില്ലെന്നതാണു വാസ്തവം. മറിച്ച് ഈ മരുന്നിലെ അണുജീവികൾ രോഗികളുടെ രക്തത്തിൽ പ്രവേശിച്ചു മുമ്പില്ലാതിരുന്ന പല രോഗങ്ങളും അവർക്ക വരുത്താൻ സാധ്യത ധാരാളമുണ്ടുതാനും.

ഏതായാലും ഡിലാററ് ധാരാളം പണം സമ്പാദിച്ചു. കഴിഞ്ഞ ഒരാണ്ടിൽ അയാൾ ഇരുപതു തവണ വിദേശപര്യടനം നടത്തി. ബ്രിട്ടനു് പുറമെ ഫിൻലാൻഡ്, അമേരിക്കൻ ഐക്യനാടുകൾ, സ്വീഡൻ എന്നീ രാജ്യങ്ങളിലും അയാൾ തൻെറ ദിവ്യൗഷധം പ്രചരിപ്പിച്ചു.

അഭ്യസ്തവിദ്യരും ശാസ്ത്രവിശ്വാസികളുമായ പാശ്ചാത്യർക്കിടയിൽ 'ഡെൽററ ടി'പോലെയുള്ള കള്ളമരുന്നുകൾ വ്യാപകമായി പ്രചരിക്കാമെങ്കിൽ നിരക്ഷരും അന്ധവിശ്വാസികളും നിറഞ്ഞ ഇന്ത്യയെപ്പോലുള്ള രാജ്യങ്ങളിൽ കള്ളവൈദ്യന്മാരും കള്ളമരുന്നുകളും ചേർന്ന് വരുത്തിവയ്ക്കുന്ന ദ്രോഹത്തെപ്പററി നമുക്ക് ഊഹിക്കാവുന്നതേയുള്ളു. അല്ലെങ്കിൽ, എന്തിന് അതൊക്കെ പറയുന്നു? ദിവ്യൗഷധമെന്ന നിലയിൽ മനുഷ്യമൂത്രത്തിൻെറ ഉപയോഗം പ്രചരിപ്പിക്കുന്നേതിൽ ഇന്ത്യയിലെ ഒരു പ്രധാനമന്ത്രി നിർവഹിച്ച പങ്ക് നമുക്കൊക്കെ അറിവുള്ളതല്ലേ?

ഗുണപാഠം: ഒരു മരുന്ന് ഉപയോഗിക്കുംമുമ്പ് അതിൽ ഉള്ളത് എന്തെല്ലാമെന്ന് അറിവുള്ളവരോട് ചോദിച്ച് ഉറപ്പുവരുത്തുക.

22 ജൂൺ, 1989